ഉത്തരം

(എ) 6-7-1981 സീനിയോറിറ്റിയുള്ള ശ്രീമതി എൻ. ലീലയുടെ ജനനതീയതി 25-11-1960 ആണ്. ആയതിനാൽ ഫുൾടൈം/പാർട്ട് ടൈം ഒഴിവുകൾക്ക് പരിഗണിക്കുന്നതിനുള്ള നിശ്ചിത പ്രായപരിധി ടിയാൾക്ക് (50 വയസ്സ്) കവിഞ്ഞിരിക്കുകയാണ്. കൂടാതെ ശ്രീമതി ലീലയെ പരിഗണിക്കാമായിരുന്ന പാർട്ട് ടൈം/കണ്ടിജന്റ് ഒഴിവുകൾക്ക് ടിയാൾ ഉൾപ്പെടുന്ന മുൻഗണനയില്ലാത്ത പരിവർത്തന ക്രിസ്ത്യൻ/ഓപ്പൺ എന്നീ വിഭാഗങ്ങളിൽ നിന്ന് യഥാക്രമം 23-4-1979, 7-6-1977 എന്നീ സീനിയോറിറ്റി വരെയുള്ളവരെയാണ് തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അവസാനമായി പരിഗണിച്ചിട്ടുള്ളത്. കുറഞ്ഞ സീനിയോറിറ്റിയുള്ളതുകൊണ്ടാണ് ശ്രീമതി ലീലയെ പരിഗണിക്കാൻ കഴിയാതിരുന്നത്.

(ബി) ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളിലെ ഫുൾടൈം/പാർട്ട് ടൈം ഒഴിവുകൾക്ക് പരിഗണിക്കുന്നതിനുള്ള പ്രായപരിധി നിലവിലുള്ള നിയമപ്രകാരം ശ്രീമതി ലീലയ്ക്ക് കവിഞ്ഞിരിക്കുന്നതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ ലഭിച്ചവർ

60(2312) ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലയളവിൽ കണ്ണൂർ ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്കാണ് തൊഴിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

ഈ സർക്കാരിന്റെ കാലയളവിൽ (05/2006 മുതൽ 01/2011 വരെ) 3513 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

മാള ഐ.ടി.ഐ.-യിൽ നടത്തിയ വികസനം

61(2313) ശ്രീ. എ. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാള ഐടിഐ.-യിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) ഇനി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇവിടെ നടത്താൻ പോകുന്നതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly